സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 29.09.2014

നം: സി.ബി(1)14770/2014

*E-mail :keralarcs co.op. @kerala.gov.in*
*Website:www.cooperation.kerala.gov.in*
*Tel.No.0471-2330726*
*Fax: 0471-2331513*

# സർക്കുലർ നമ്പർ : 45/2014

വിഷയം:- സഹകരണ വകുപ്പ് - സഹകരണ സംഘങ്ങൾ അവയുടെ ഇൻഷ്വറൻസ് ആവശ്യങ്ങൾ നിർവ്വഹിക്കുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. 13-11-2013-ലെ ജി.ഒ(എം.എസ്)നം. 556/13.
2. 21-02-2014-ലെ 16/14/ഫിൻ നമ്പർ സർക്കുലർ.
3. സഹകരണ സംഘം രജിസ്ട്രാറുടെ 02.06.2014 ലെ 24/2014 നം.സർക്കുലർ
4. കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിന്റെ 22.08.2014 ലെ Insu/dev.wing/d.v.3/6738/2012 നമ്പർ കത്ത്
5. United Insurance Company Divisional Manager ടെ 28.08.2014 se 100400/Co-op Insurance/2808 നമ്പർ കത്ത്

********

എല്ലാ പൊതുമേഖലാ/അർദ്ധ സർക്കാർ സഹകരണ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഇൻഷ്വറൻസ് ജനറൽ ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തണമെന്ന സർക്കാർ സൂചന (1), (2) ഉത്തരവുകൾ പ്രകാരം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പും, യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയും ചേർന്ന് ജനറൽ ഇൻഷ്വറൻസ് ബിസിനസ്സ് നടത്തുന്നതിന് ധാരണാപത്രം ഒപ്പിടുകയും, ടി സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്നതിന് സൂചന (3) പ്രകാരം സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. സൂചന (4) പ്രകാരം ഇതു സംബന്ധിച്ച് നിർദ്ദേശം നൽകണമെന്ന് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് അറിയിച്ചിട്ടുണ്ട്. സഹകരണ മേഖലയിലെ ഇൻഷ്വറൻസ് ആവശ്യങ്ങൾ നിലവിൽ നടത്തി വന്നിരുന്ന സഹകരണ ഇൻഷ്വറൻസ് സംഘം ലി.നം.4428 ന്റെ സേവനം കൂടി ഉപയോഗപ്പെടുത്തി സഹകരണ മേഖലയിലെ ഇൻഷ്വറൻസ് ബിസിനസ്സ് നടത്താമെന്ന് സൂചന (5) പ്രകാരം യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി അറിയിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ, കേരളത്തിലെ എല്ലാ സഹകരണ സ്ഥാപനങ്ങളും അവരുടെ ഇൻഷ്വറൻസ് ബിസിനസ്സ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുമായി നടത്തേണ്ടതും, അപ്രകാരം ഇൻഷ്വറൻസ് ബിസിനസ്സ് സഹകരണ മേഖലയിൽ നടത്തുന്നതിന് യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിക്ക് വേണ്ടി സഹകരണ ഇൻഷ്വറൻസ് സംഘത്തിന്റെ സേവനം വിനിയോഗിക്കാവുന്നതാണെന്നും നിർദ്ദേശിക്കുന്നു.

സൂചന സർക്കുലർ (24/2003) ന് ഈ തീയതിക്ക് ശേഷം പ്രാബല്യമുണ്ടായിരിക്കുന്നതല്ലെന്നും അറിയിക്കുന്നു.

ഒപ്പ്
**എസ്സ്.ലളിതാംബിക.ഐ.എ.എസ്സ്**
**സഹകരണ സംഘം രജിസ്ട്രാർ**

പകർപ്പ്:-
1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്
3. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം
4. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ, എറണാകുളം

5. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, എറണാകുളം.
6. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ, എറണാകുളം.
7. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷൻ, തിരുവനന്തപുരം
8. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, എറണാകുളം.
9. മാനേജിംഗ് ഡയറക്ടർ, കേരള കേര കർഷക സഹകരണ ഫെഡറേഷൻ ക്ലിപ്തം, തിരുവനന്തപുരം
10. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ വനിതാ വികസന ഫെഡറേഷൻ, തിരുവനന്തപുരം
11. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ടൂറിസം വികസന ഫെഡറേഷൻ, തിരുവനന്തപുരം
12. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ആശുപത്രി ഫെഡറേഷൻ, എറണാകുളം
13. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
14. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾ
15. എല്ലാ പ്രാഥമിക കാർഷിക വികസന ബാങ്കുകൾക്കും (ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
16. എല്ലാ മറ്റു സഹകരണ സംഘങ്ങൾക്കും(ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
17. ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ/ജോയിന്റ് ഡയറക്ടർമാർ(ആഡിറ്റ്)
18. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും (ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
19. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും (ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന)
20. എഡിറ്റർ, സഹകരണ വീഥി, തിരുവനന്തപുരം
21. എഡിറ്റർ, സഹകരണ ജേർണൽ, തിരുവനന്തപുരം
22. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
23. വെബ്സൈറ്റ്
24. സ്റ്റോക്ക് ഫയൽ